(ഡി) ആവശ്യമുള്ളതായി കാണുന്നില്ല.

(ഇ) സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു. വാഹനം കൊടുക്കുന്ന കാര്യം പരിഗണനയിലില്ല.

തണ്ണിത്തോട് പടിഞ്ഞാറ്റേതിൽ പടി-ചരുവിലെ ഹരിജൻ കോളനി റോഡ് പണി

5(908) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ തണ്ണിത്തോട് പഞ്ചായത്തിലെ തേക്കുകോട് പടിഞ്ഞാറ്റേതിൽ പടി-ചരുവിലെ ഹരിജൻ കോളനി റോഡ് പണി പ്രത്യേകഘടകപദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളതാണോ ; എങ്കിൽ എന്ന് ;

(ബി) ഈ റോഡ് ഗതാഗതയോഗ്യമാക്കിയിട്ടിട്ടുണ്ടോ ; ഇതിനായി ടെന്റർ ചെയ്തതെന്നാണെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) പണി എന്നാണ് പൂർത്തിയാക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രത്യേക ഘടകപദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ളതാണ്. ജില്ലാ പ്ലാനിംഗ് ഓഫീസിറുടെ 14-2-1987 ലെ എം. എസ്. 335/06/എസ്. സി. പ. നമ്പർ ഉത്തരവ് പ്രകാരം.

(ബി) ഉണ്ട്. 17-3-1987-ൽ എസ്റ്റിമേറ്റ് തുക 6,30,000 രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 9,28,492 രൂപ.

(സി) 7-10-1999-ൽ പണി പൂർത്തിയായി.

പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ

6(909) ശ്രീമതി എൻ. കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ വർദ്ധിച്ചിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന് അടിസ്ഥാനമായിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾക്ക് വീട്, വൈദ്യുതി, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിൽ സർക്കാർ നടത്തിയിട്ടുള്ള വിവിധ പദ്ധതികൾ വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധമായും ഇവയുടെ ലഭ്യത സംബന്ധിച്ചും സർക്കാർ ഏതെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വീട്, കക്കൂസ്, വൈദ്യുതി, തുടങ്ങിയവ ശേഷിക്കുന്ന വർക്കും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭവനരഹിതരായ അൻപതിനായിരത്തോളം പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം നൽകുകയും, കിണറുകൾ നിർമ്മിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളം എത്തിക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അനേകം കോളനികളിൽ വൈദ്യുതീകരണം നടക്കുകയും റോഡുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾക്ക് വീട് ലഭ്യമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. സംയോജിത ഭവന നിർമ്മാണ ധനസഹായ പദ്ധതി
2. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി
3. ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാരുടെ ഉന്നമനം
4. പുറംപോക്ക് നിവാസികളുടെ പുനരധിവാസം
5. സുവർണ്ണ ജൂബിലി സമ്പൂർണ്ണ ഭവന പദ്ധതി

വീട്, കക്കൂസ്, കുടിവെള്ളം എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതികൾക്ക് ത്രിതല പഞ്ചായത്തുകൾ മുൻതൂക്കം നൽകിവരുന്നു. വൈദ്യുതീകരണത്തിനായി എല്ലാ വർഷവും പ്രത്യേക ഘടക പദ്ധതിയിലും ഗിരിവർഗ്ഗ ഉപപദ്ധതിയിലും പ്രത്യേകം തുക മാറ്റിവയ്ക്കുന്നു. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് മുതലായ ഏജൻസികളും ത്രിതല പഞ്ചായത്തുകളും ഇവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അവരുടേതായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ഡി) ഇല്ല.

(ഇ) ഒൻപതാം പദ്ധതിയോടെ വീടില്ലാത്ത എല്ലാ പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും വീട് എന്ന ലക്ഷ്യത്തോടെ പട്ടികജാതി പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

വികസന വകുപ്പ്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമവികസന വകുപ്പ്, വനംവകുപ്പ്, ഭവന നിർമ്മാണ ബോർഡ് എന്നീ ഏജൻസികൾ സംപൂർണ്ണ ഭവന നിർമ്മാണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. കൂടാതെ 2000-2001, 2001-2002 എന്നീ വർഷങ്ങളിൽ കേരളാ സ്റ്റേറ്റ് വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിൽ കോളനി വൈദ്യുതീകരണം, കെൽട്രാൺ, അനർട്ട് ഇവയുടെ ആഭിമുഖ്യത്തിൽ സൗരോർജ്ജ വിളക്കുകൾ നൽകൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സമ്പൂർണ്ണ ശുചിത്വ പദ്ധതി, സമ്പൂർണ്ണ കുടിവെള്ള പദ്ധതി, സമഗ്രകോളനി വൈദ്യുതീകരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനും സർക്കാർ ആലോചിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് ഫണ്ട്

7(910) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് ഏതെങ്കിലും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പിന്നോക്കസമുദായാംഗങ്ങളായ വിദ്യാർത്ഥികളുടെ പഠനത്തിനു വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് എത്രകോടി രൂപ ചെലവഴിച്ചുഎന്ന് വ്യക്തമാക്കാമോ ; ഈ ഫണ്ട് ലാപ്സായി പോകാതെ പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 100% കേന്ദ്ര സഹായത്തോടെ പോസ്റ്റ് മെട്രിക് തലത്തിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന് ഇതിനായി കേന്ദ്രം ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

(ബി) സംസ്ഥാന ഗവൺമെന്റ് ഫണ്ടിൽനിന്ന് പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്കും ഒ.ഇ.സിക്കും കൂടി പഠനത്തിന് വേണ്ടി അനുവദിച്ച/ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക കേന്ദ്ര ഗവൺമെന്റ് ഇതിനായി നൽകിയിട്ടുള്ള പദ്ധതി അംഗീകരിച്ചാൽ മാത്രമേ ചെലവഴിക്കാൻ കഴിയുകയുള്ളൂ.

പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ സാധനസാമഗ്രികൾ പർച്ചേസ് ചെയ്യുന്ന സമ്പ്രദായം

8(911) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly